**Kerala Prisons & Correctional Services Department**

ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം - 12
ഫോൺ : 0471-2342532
ഇമെയിൽ : keralaprisons@gov.in
തീയതി : 05-12-2017

**<u>സർക്കുലർ നം 43/2017</u>**

ജയിൽവകുപ്പിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാർ മുതൽ ജയിൽ സൂപ്രണ്ടുമാർ വരെ വിവിധ തസ്തികകളിൽ സേവനമനുഷ്ഠിച്ചു വരുന്ന ഉദ്യോഗസ്ഥർ ദൈനംദിന നിസ്സാര കാര്യങ്ങൾക്കും സ്ഥലംമാറ്റ ആവശ്യങ്ങൾക്കായും ജയിലുകളിൽ ക്ഷേമദിനവും മറ്റു പ്രോഗ്രാമുകളും നടത്തുന്ന വിവരം അറിയിക്കുന്നതിനും തുടങ്ങി മറ്റനേകം താരതമ്യേന അപ്രധാനമായ കാര്യങ്ങളുമായി ബന്ധപ്പെട്ട് വകുപ്പുമേധാവിയെ ദിനരാത്ര ഭേദമെന്യേ മൊബൈൽ ഫോണിൽ നിരന്തരം വിളിച്ച് ബുദ്ധിമുട്ടിക്കുന്നതായി കാണപ്പെടുന്നു. ഇത്തരത്തിൽ ഓഫീസ് സമയങ്ങളിലും മറ്റു സന്ദർഭങ്ങളിലും ഇപ്രകാരമുള്ള വ്യക്തിതാൽപ്പര്യസംബന്ധമായതും ഗൗരവതരമല്ലാത്തതുമായ വിഷയങ്ങൾ ഉന്നയിക്കുന്നതിനുവേണ്ടി ടി ഉദ്യോഗസ്ഥർ ഇവരുടെ സ്വകാര്യഫോണിൽ നിന്നും മറ്റും ജയിൽമേധാവിയുടെ ഔദ്യോഗികസെൽഫോണിലേയ്ക്ക് നേരിട്ട് വിളിച്ച് സംസാരിക്കുന്നത് തികഞ്ഞ അച്ചടക്കലംഘനമാണ്.

നിലവിൽ മേൽ പ്രവൃത്തി നിർബാധം തുടരുന്നതിനാൽ, ജയിൽ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ഇനിമുതൽ ജയിൽസ്ഥാപനങ്ങളുടെ ക്രമസമാധാനത്തേയും പൊതുവായ അച്ചടക്കത്തേയും ബാധിക്കുന്ന തരത്തിലുള്ള ഗൗരവമേറിയ പ്രശ്നങ്ങൾ ഉണ്ടാകുന്ന സാഹചര്യങ്ങൾ, ഏതെങ്കിലും പ്രതി/പ്രതികൾ ജയിലിൽ നിന്നും രക്ഷപ്പെടുവാനിടയാകുന്ന അവസരങ്ങൾ,ജയിൽ അന്തേവാസികളുടെ ആരോഗ്യാവസ്ഥയെ ഗുരുതരമായി ബാധിക്കുന്ന തരത്തിലുള്ള രോഗങ്ങൾ /അന്തേവാസികൾ മരണപ്പെടുന്ന സാഹചര്യങ്ങൾ തുടങ്ങിയ, ജയിൽസുരക്ഷയേയും നടത്തിപ്പിനേയും ഗുരുതരമായി ബാധിക്കുന്ന തരത്തിലുള്ള, അടിയന്തിരഘട്ടങ്ങളിൽ മാത്രം ഇക്കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നതിനും വിശദീകരിക്കുന്നതിനുമായി ജയിൽമേധാവിയെ മൊബൈൽഫോണിൽ നേരിട്ട് ബന്ധപ്പെടാവുന്നതാണ്.ഇതല്ലാതെ ജയിൽവകുപ്പുമായി ബന്ധപ്പെട്ട മറ്റു വിഷയങ്ങൾ വകുപ്പുമേധാവിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ജയിൽ ഡി.ജി.പി.-യുടെ ഔദ്യോഗിക ലാന്റ് ലൈൻ നമ്പരായ 0471-2342744 / ക്യാമ്പ് ഓഫീസ് നമ്പരായ 0471-2330525 എന്നീ ഫോൺനമ്പരുകൾ മാത്രം ഉപയോഗിക്കേണ്ടതാണ്.

ജയിൽവകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരും മേൽപ്രകാരം വ്യക്തമാക്കിയിരിക്കുന്ന നിർദേശങ്ങൾ ഇന്നുമുതൽ കർശനമായി പാലിക്കേണ്ടതാണ്.

ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ വേണ്ടി

സ്വീകർത്താവ് : ജയിൽ വകുപ്പിലെ എല്ലാ ജീവനക്കാരിലേയ്ക്കും.

പകർപ്പ് : 1. സി.എ. റ്റു ഡി.ജി.പി.& സി.എസ്. / സി.എ. റ്റു ഐ.ജി.
2. ഡി.ഐ.ജി. ഓഫ് പ്രിസൺസ്, ദക്ഷിണമേഖല / മധ്യമേഖല / ഉത്തരമേഖല.
3. എല്ലാ ജയിൽസ്ഥാപനങ്ങളിലേയും സൂപ്രണ്ടുമാർ.

E5-24971/2017/PrHQ

8711ed